"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - മെഡിക്കൽ വിദ്യാഭ്യാസം - തിരുവനന്തപുരം, കാരക്കോണം സി.എസ്.ഐ കോളേജ് ഓഫ് നഴ്സിംഗിൽ 2026-27 അദ്ധ്യയന വർഷം മുതൽ എം.എസ്.സി (മെഡിക്കൽ സർജിക്കൽ നഴ്സിംഗ് -ഓർത്തോപീഡിക് നഴ്സിംഗ്) കോഴ്സ് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്**

**സ.ഉ.(കൈ) നം.437/2025/H&FWD തീയതി, തിരുവനന്തപുരം, 23-12-2025**

പരാമർശം:-

1. സ.ഉ.(പി.) നം.64/2012/ആ.കു.വ തീയതി 17.02.2012
2. കാരക്കോണം സി.എസ്.ഐ കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പലിന്റെ 27.09.2024 ലെ 8806/2024/എൻസി നമ്പർ അപേക്ഷ
3. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ 19.06.2025 ലെ മെ.വി.വ./6535/20242-ബി4 നമ്പർ കത്ത്

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ കാരക്കോണം സി.എസ്.ഐ കോളേജ് ഓഫ് നഴ്സിംഗിൽ എം.എസ്.സി (മെഡിക്കൽ സർജിക്കൽ നഴ്സിംഗ് -ഓർത്തോപീഡിക് നഴ്സിംഗ്) കോഴ്സ് ആരംഭിക്കുന്നതിന് പരാമർശം (2) പ്രകാരം കാരക്കോണം സി.എസ്.ഐ കോളേജ് ഓഫ് നഴ്സിംഗ് പ്രിൻസിപ്പൽ അപേക്ഷ സമർപ്പിച്ചിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പ്രസ്തുത സ്ഥാപനത്തിൽ പരിശോധന നടത്തി സമർപ്പിച്ച പരാമർശം (3) റിപ്പോർട്ടിൽ കാരക്കോണം സി.എസ്.ഐ കോളേജ് ഓഫ് നഴ്സിംഗിൽ വിദ്യാർത്ഥി പ്രവേശന ശേഷി 4 ആയി നിജപ്പെടുത്തി എം.എസ്.സി മെഡിക്കൽ സർജിക്കൽ നഴ്സിംഗ് (ഓർത്തോപീഡിക് നഴ്സിംഗ്) കോഴ്സ് ആരംഭിക്കുന്നതിന് സ്ഥാപനത്തിന്റെ ഭൗതിക സാഹചര്യങ്ങൾ പര്യാപ്തമാണെന്ന് അറിയിക്കുകയുണ്ടായി. സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകളിലെ 'അഡ്മിഷൻ മാനദണ്ഡങ്ങൾ', 'ഫീസ് ഘടന' എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചുകൊള്ളാം എന്ന സത്യവാങ്മൂലം അപേക്ഷകൻ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം ജില്ലയിലെ കാരക്കോണം സി.എസ്.ഐ കോളേജ് ഓഫ് നഴ്സിംഗിൽ 2026-27 അദ്ധ്യയന വർഷം മുതൽ എം.എസ്.സി (മെഡിക്കൽ സർജിക്കൽ നഴ്സിംഗ് -ഓർത്തോപീഡിക് നഴ്സിംഗ്) കോഴ്സ്, വാർഷിക വിദ്യാർത്ഥി പ്രവേശന ശേഷി നാല് ആയി നിജപ്പെടുത്തിക്കൊണ്ട്, ആരംഭിക്കുന്നതിന് ചുവടെ പറയുന്ന നിബന്ധകളുടെ അടിസ്ഥാനത്തിൽ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകളിലെ 'അഡ്മിഷൻ മാനദണ്ഡങ്ങൾ', 'ഫീസ് ഘടന' എന്നിവ സംബന്ധിച്ച് സർക്കാർ/കേരള നഴ്സസ് & മിഡ്‌വൈവ്സ് കൗൺസിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

ബി) എം.എസ്.സി (നേഴ്സിംഗ്) സീറ്റുകൾ സർക്കാർ മെറിറ്റ് /മാനേജമെൻ്റ് എന്നിങ്ങനെ വിഭജനത്തിന് വിധേയമായിരിക്കും. സർക്കാർ മെറിറ്റ് സീറ്റുകളിലേക്കുള്ള അഡ്മിഷൻ പൂർണ്ണമായും സർക്കാർ നിയന്ത്രണത്തിൽ നടത്തപ്പെടും.

സി) എം.എസ്.സി (നേഴ്സിംഗ്) കരിക്കുലം, നേഴ്സിംഗ് കോളേജിന് ഉണ്ടായിരിക്കേണ്ട നിലവാരം എന്നിവ സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

ഡി) പരാമർശം (1) ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും, നേഴ്സിംഗ് കോളേജുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ ഉത്തരവുകൾ/റഗുലേഷനുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

ഇ) പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നേഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate), ആരോഗ്യശാസ്ത്ര സർവ്വകലാശാല അഫിലിയേഷൻ എന്നിവ നേടിയതിന് ശേഷം മാത്രം വിദ്യാർത്ഥി പ്രവേശനം നടത്തേണ്ടതാണ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ, സി.എസ്.ഐ കോളേജ് ഓഫ് നഴ്സിംഗ്, കാരക്കോണം, തിരുവനന്തപുരം
രജിസ്ട്രാർ, കേരള നഴ്സസ് ആൻഡ് മിഡൈ്വവ്സ് കൗൺസിൽ, തിരുവനന്തപുരം
രജിസ്ട്രാർ, ആരോഗ്യശാസ്ത്ര സർവ്വകലാശാല, തിരുവനന്തപുരം
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, ന്യൂഡൽഹി
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്)
വിവര - പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 23-12-2025 16:17:36
സെക്ഷൻ ഓഫീസർ

പകർപ്പ് ബഹു. ആരോഗ്യ വനിതാ ശിശുക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്